# പതിമൂന്നാം കേരള നിയമസഭ

## 16-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 345** **08.02.2016 ൽ മറുപടിയ്ക്ക്**

## ജലസമൃദ്ധകേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ<br>ശ്രീ. വർക്കല കഹാർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) പരിസ്ഥിതി സംരക്ഷണത്തിന് ജലസമൃദ്ധ കേരളം പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;<br>(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) & (ബി) 24.05.2014-ലെ സ.ഉ (സാധാ) നം.89/2014/പരി വഴി സംസ്ഥാനത്ത് പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതിയുടെ ഭാഗമായ 'ജലസമൃദ്ധ കേരളം പദ്ധതി' നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വീടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നുമുള്ള മലിനീകരണമാണ് വ്യാവസായിക മലിനീകരണത്തേക്കാൾ ഗുരുതരമായി സംസ്ഥാനത്ത് അനുഭവപ്പെടുന്നത്. അതിനാൽ ജനപിന്തുണയോടെ, ഗ്രാമ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ജല സുരക്ഷയ്ക്കും ജലസ്രോതസ്സുകളുടെ സമഗ്ര സംരക്ഷണത്തിനും ഒരു തുടർ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുക എന്നതാണ് പ്രധാന ഉദ്ദേശ ലക്ഷ്യം. |
| (സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ? | (സി) പദ്ധതി നടത്തിപ്പിനും, ഏകോപനത്തിനുമായി വനം, പരിസ്ഥിതി വകുപ്പ് മന്ത്രി ചെയർമാനായി സംസ്ഥാന തലത്തിൽ കേരള എൻവയോൺമെന്റൽ കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തുടർ നടപടികൾ സംബന്ധിച്ച വിശദമായ പ്ലാൻ ഓഫ് ആക്ഷൻ തയ്യാറാക്കി സമർപ്പിക്കുന്നതിന് പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറുടെ നേതൃത്വത്തിലുള്ള ഒരു സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**